## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 08.10.2025 മുതൽ 12.10.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 40/2025 (80) ചൊവ്വാഴ്ച | തീയ്യതി 07/10/2025 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 08.10.2025 | 09.10.2025 | 10.10.2025 | 11.10.2025 | 12.10.2025 |
| മഴ (മില്ലി മീറ്റർ) | 5 | 5 | 4 | 2 | 3 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 230 | 250 | 250 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 07 മുതൽ 11 വരെ കേരളത്തിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിനും, മഴയ്ക്കും സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | മുഞ്ഞ | നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം കുറയ്ക്കാനായി ഇടവിട്ട് വെള്ളം കയറ്റി ഇറക്കുക. ഒരു ഏക്കറിന് 75 കിലോഗ്രാം അറക്കപ്പൊടി, 3 ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം പാടത്തു ഇട്ടുകൊടുക്കുക. അല്ലെങ്കിൽ ഒരു ഏക്കറിന് 60 കിലോഗ്രാം എന്ന കണക്കിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ അസഫേറ്റ് എന്ന കീടനാശിനി ഒരു ലിറ്ററിന് 1.6 ഗ്രാം എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| വാഴ | പരിചരണം | നട്ട് ഒരു മാസം കഴിഞ്ഞ നേന്ത്രൻ വാഴയ്ക്ക്, 90 ഗ്രാം യൂറിയ, 325 ഗ്രാം രാജ്ഫോസ്, 100 ഗ്രാം പൊട്ടാഷ് എന്നിവ വാഴ ഒന്നിന് എന്ന കണക്കിൽ ചേർത്ത് കൊടുക്കുക. ഒരു മാസം കഴിഞ്ഞ ടിഷ്യൂക്കൾച്ചർ വാഴ ഒന്നിന് 110 ഗ്രാം യൂറിയ, 360 ഗ്രാം രാജ്ഫോസ്, 120 ഗ്രാം പൊട്ടാഷ് എന്നിവയും മറ്റിനങ്ങൾക്കു നട്ട് രണ്ടു മാസം കഴിഞ്ഞു 195 ഗ്രാം യൂറിയ, 500 ഗ്രാം രാജ്ഫോസ്, 300 ഗ്രാം പൊട്ടാഷ് എന്നിവയും നൽകുക. |
| മരച്ചീനി | പരിചരണം | നല്ല രീതിയിൽ മഴ ലഭിക്കുന്ന സ്ഥലങ്ങളിൽ കപ്പ നടുന്നതിനു അനുയോജ്യമായ സമയമാണിത്. ഒരു മൂട് കപ്പയ്ക്ക് ഏകദേശം ഒരു കിലോഗ്രാം ജൈവവളം, 50 ഗ്രാം റോക്ഫോസ്ഫേറ്റ്, ഇനത്തിനനുസരിച്ച് യൂറിയ, പൊട്ടാഷ് എന്നിവ പകുതി വീതവും മണ്ണിൽ ചേർത്തിളക്കി ഉയർന്ന കൂനകൾ നിർമിച്ചതിനു ശേഷം 15 - 20 സെന്റീമീറ്റർ നീളത്തിൽ ആരോഗ്യമുള്ള കപ്പക്കമ്പുകൾ 5 സെന്റീമീറ്റർ മണ്ണിൽ താഴ്ത്തി നടുക. ശാഖകൾ ഉണ്ടാകുന്ന സാധാരണ ഇനങ്ങൾ ഏകദേശം ഒരു മീറ്റർ അകലത്തിൽ വേണം കൂനകൾ നിർമ്മിച്ച് നടാൻ. അടുപ്പിച്ചുള്ള നന മരച്ചീനിക്ക് ദോഷം ചെയ്യുന്നതിനാൽ കൃത്യമായ നീർവാർച്ച സൗകര്യമൊരുക്കി ആവശ്യാനുസരണം മണ്ണിൽ നനവ് ഉറപ്പുവരുത്തുക |

മൃഗസംരക്ഷണം-: അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിന് ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്.